GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

06-07-2021

1. ലോക ജന്തുജന്യരോഗദിനാചരണം 2021 - അന്താരാഷ്ട്ര വെബിനാർ

ലോക ജന്തുജന്യരോഗദിനാചരണം 2021 ന്റെ ഭാഗമായി ഇന്നും നാളെയുമായി **നായ്ക്കൾ വഴി പടരുന്ന പേവിഷബാധ** എന്ന വിഷയത്തിൽ കേരള വെററിനറി ആൻഡ് അനിമൽ സയൻസസ് സർവകാലാശാലയിലെ എപ്പിഡെമിയോളജി ആൻഡ് **പ്രിവന്റീവ്** മെഡിസിൻ വിഭാഗം ഒരു അന്താരഷ്ട്ര വെബിനാർ സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **9446797772** എന്ന നമ്പരിൽ ബന്ധപ്പെടുക.

2. **അറിയിപ്പ്**

റബ്ബർ മരങ്ങൾ മഴക്കാലത്ത് ടാപ്പ് ചെയ്യുമ്പോൾ ശ്രദ്ധിയ്ക്കേണ്ട കാര്യങ്ങളെ കുറിച്ചറിയാനും സംശയങ്ങൾ ദൂരീകരിക്കാനും റബ്ബർബോർഡ് കാൾ സെന്ററുമായി ബന്ധപ്പെടാവുന്നതാണ്. നാളെ (07-07-2021) രാവിലെ പത്തുമണിമുതൽ ഉച്ചയ്ക്ക് ഒരു മണിവരെ റബ്ബർ ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ ആർ രാജഗോപാൽ ഫോണിലൂടെ മറുപടി നൽകും. വിളിയ്ക്കേണ്ട ഫോൺ നമ്പർ - **0481 2576622**

3. **അറിയിപ്പ്**

കേരള കാർഷിക സർവകലാശാലയുടെ കാർഷിക വിജ്ഞാന-വിപണന കേന്ദ്രം കോഴിക്കോട് അഗ്രിക്കൾച്ചറൽ അർബൻ ഹോൾസയിൽ മാർക്കറ്റ് കോംപ്ലക്സ്, വേങ്ങേരിയിൽ പ്രവർത്തനം ആരംഭിച്ചു. കാർഷിക സാങ്കേതിക ഉപദേശങ്ങൾക്കും, പരിശീലനങ്ങൾക്കും, കാർഷിക സർവകലാശാല ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും കാർഷിക വിജ്ഞാന വിപണന കേന്ദ്രം, വേങ്ങേരി സന്ദർശിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ ഇനി പറയുന്നു:- **9895964918,** വാട്സാപ്പ് നമ്പർ-**8468990086**

**ഓൺലൈൻ പരിശീലന പരിപാടികൾ**

4. **തേനീച്ചവളർത്തലിൽ റബ്ബർബോർഡ്** ഇന്ന് (ജൂലൈ 06) രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെ ഓൺലൈൻ പരിശീലനം നടത്തുന്നു. പരിശീലനമാധ്യമം മലയാളം ആയിരിക്കും.

പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പറിലും **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം.

5. **കേരള വെറ്ററിനറി സർവകലാശാല**യുടെ വിജ്ഞാനവ്യാപന വിഭാഗം ഇന്നു (06-07-2021) വൈകിട്ട് 5 മണിക്ക് **മാംസോത്പാദനത്തിനുള്ള പോത്തുവളർത്തൽ - തീറ്റയും തീറ്റക്രമവും** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. അസോസിയേറ്റ് പ്രൊഫസർ ഡോ. ദീപ ആനന്ദ് ആണ് പരിശിലനം നൽകുന്നത്. സൂം പ്ലാറ്റ്ഫോമിൽ നടത്തുന്ന പരിശീലനത്തിന്റെ ഐഡി ഇനി പറയുന്നു. **999 521 3500.** കൂടുതൽ വിവരങ്ങൾക്ക് ഇനിപ്പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക **9446714462.**

6. **ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ** ഇന്ന് (6-7-2021) ആടുവളർത്തൽ, എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **9188522708.**

7. **ആതവനാട് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നിന്നും** ഇന്ന് (6-7-2021) വൈകിട്ട് 7 മണിക്ക് **ഇറച്ചിക്കോഴി വളർത്തൽ കേരളത്തിലെ സാദ്ധ്യതകൾ** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക - 9446424556

8. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഈ മാസം 8 മുതൽ **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. 0471 2732918 9188522701.

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

9. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ കർഷർക്കായി ഈ മാസം പത്തൊൻപതിന് **പോത്തുവളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ 0479- 2457778 എന്ന ഓഫീസ് പ്രവർത്തന സമയത്ത് ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്

**10. കാർഷികസർവകലാശാലയുടെ വിളപരിപാലന നിർദ്ദേശങ്ങൾ**

1) കമുകിൽ പുതിയ പൂക്കുലകൾ വരുന്ന കാലമാണ്. വളപ്രയോഗം നടത്താത്ത തോട്ടങ്ങളിൽ മരം ഒന്നിന് 165 ഗ്രാം യൂറിയ, 150 ഗ്രാം റോക്ക് ഫോസ്ഫേറ്റ്, 175 ഗ്രാം പൊട്ടാഷ് എന്ന തോതിൽ വളം ചെയ്യാം. കുരുത്തോലച്ചാഴി, മഞ്ഞളിപ്പ് മുതലായ കീടരോഗങ്ങൾക്കെതിരെ ജാഗ്രത പാലിക്കുക. മഞ്ഞളിപ്പ് കാണുകയാണെങ്കിൽ വിദഗ്ധ ഉപദേശം തേടി നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

2) ഇഞ്ചിയ്ക്ക് മൂടുചീയൽ രോഗം വരാനുള്ള സാധ്യത ഉള്ളതിനാൽ 20 ഗ്രാം സൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചു കൊടുക്കുകയോ തടത്തിൽ ഒഴിച്ചു കൊടുക്കുകയോ ചെയ്യാം. മൃദുചീയൽ രോഗമുണ്ടാകാനുള്ള സാധ്യതയുണ്ട്. രോഗത്തെ ചെറുക്കാൻ ട്രൈക്കോഡർമ, സ്വീഡൊമോണാസ് കൾചറുകൾ ഉപയോഗിക്കുക. നാറ്റപൂച്ചെടി ഉപയോഗിച്ച് പുതയിടുകയാണെങ്കിൽ തണ്ടുതുരപ്പന്റെ ശല്യം കുറഞ്ഞുകിട്ടും

sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**